## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2450 18.02.2016-ൽ മറുപടിക്ക്

### പൈപ്പ് പോളിസി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>,, വർക്കല കഹാർ<br>,, എം.പി.വിൻസെൻറ്<br>,, ലൂഡി ലൂയിസ് : | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ. പൈപ്പ് പോളിസി നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്; | എ. പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റിയുടെ എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധന കൾക്ക് അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകി യിട്ടുണ്ട്. |
| ബി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനു ദ്ദേശിക്കുന്നത്; | ബി. മുൻകാലങ്ങളിൽ വൻകിട ശുദ്ധജല വിതരണ പദ്ധതികളിൽ സംഭവിച്ച പൈപ്പ് പൊട്ടലുകൾ വിശകലനം ചെയ്ത് വിവിധ ആവശ്യങ്ങൾക്ക് ഏറ്റവും അനുയോജ്യമായ പൈപ്പുകളുടെ മെറ്റീരിയൽ തിരഞ്ഞെടുക്കുന്നതിൽ ഏകീകരണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പൈപ്പ് പോളിസി രൂപീകരിച്ചത്. ശുദ്ധജല/ സ്വീവറേജ് പദ്ധതികൾക്കായി ഉപയോഗിക്കുന്ന വിവിധതരം പൈപ്പു കളുടെ ഗുണങ്ങളേയും ദോഷങ്ങളേയും പറ്റിയുള്ള വിവരണങ്ങളാണ് പൈപ്പ് പോളിസിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |

ഓരോ സാഹചര്യ ത്തിനനുസരിച്ചുള്ള ഏറ്റവും യുക്തമായ പൈപ്പ് തിരഞ്ഞെടുക്കുക എന്നുള്ള ഉദ്ദേശത്തോടു കൂടിയാണ് കേരള വാട്ടർ അതോറിറ്റി പൈപ്പ് പോളിസി തയ്യാറാക്കി യിരിക്കുന്നത്.

| | | | |
|---|---|---|---|
| സി | ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി | പൈപ്പ് പോളിസി കേരള വാട്ടർ അതോറിറ്റി എല്ലാ ഓഫീസുകളിലും ബുക്ക് രൂപത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വാട്ടർ അതോറിറ്റിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്. എല്ലാ എഞ്ചിനീയർമാർക്കും പൈപ്പ് പോളിസിയുടെ നിബന്ധന കൾക്ക് അനുസരിച്ച് പദ്ധതി ആവിഷ്കരിക്കാൻ നിർദ്ദേശം നൽകി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ